# മതസംവാദങ്ങളുടെ പ്രസക്തി

**എം. എം. അക്ബർ**

ഒരു മുസ്‌ലിം ആനുകാലികത്തിൻെറ കഴിഞ്ഞ ജൂലൈ ലക്കത്തിൻെറ 'കവർ സ്‌റ്റോറി'യായി വന്ന ലേഖനത്തിൽ നിച്ച് ഓഫ് ട്രൂത്ത് സംഘടിപ്പിച്ചുവരുന്ന മതസംവാദങ്ങളെ വിമർശിച്ചുകൊണ്ട് ഒരു ബഹുമാന്യ പണ്ഡിതൻ എഴുതി: ''പൊതുജനങ്ങൾക്ക് മുമ്പിൽ വെച്ച് നടത്തുന്ന സംവാദങ്ങൾ ഗുണത്തോടൊപ്പം ദോഷത്തിനും കാരണമാകുന്നുവെന്ന് പറയാതെവയ്യ''. മതസംവാദങ്ങളെ 'തമാശ'യായി ചിത്രീകരിക്കുകയും സംവാദങ്ങളിൽ ഇസ്‌ലാമിനെ അവതരിപ്പിക്കുന്നവരുടെ ആത്മാർത്ഥതയെ സംശയിക്കുകയും പരിഹസിക്കുകയും ചെയ്തുകൊണ്ടുള്ളതായിരുന്നു സുദീർഘമായ ലേഖനം. എങ്കിലും പദങ്ങൾക്കിടയിലെവിടെയോ ഗുണകാംക്ഷയുടെ മിന്നാമിനുങ്ങുകളുണ്ടോയെന്ന് സംശയിച്ച്, ഇന്ന് നടക്കുന്ന മതസംവാദങ്ങൾക്ക് എന്തെന്ത് ദോഷങ്ങളാണുള്ളതെന്ന് ചൂണ്ടിക്കാണിക്കണമെന്നും തകരാറുകളുണ്ടെങ്കിൽ വസ്തുനിഷ്ഠവും പ്രമാണബദ്ധവുമായി തിരുത്താൻ സന്മനസ്സ് കാണിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഒരു എഴുത്തയച്ചു. എഴുത്തിന് ഇന്നുവരെ മറുപടി വന്നിട്ടില്ല. ലേഖകനെ വിമർശിക്കുകയോ കുറ്റം പറയുകയോ അല്ല ഇവിടെ അക്കാര്യം സ്മരിച്ചതിൻെറ ലക്ഷ്യം. പ്രത്യുത ഈ ലക്കത്തിൽ തുടങ്ങുന്ന ''മതസംവാദങ്ങളുടെ പ്രസക്തി''യെന്ന ചർച്ചക്ക് മുഖക്കുറിപ്പെഴുതാനിരുന്നപ്പോൾ ഓർമവന്നത് വായനക്കാരുമായി പങ്കുവെച്ചു എന്നുമാത്രം. ഇത്തരമൊരു ചർച്ച അനിവാര്യമാണെന്ന് തോന്നിയ പല സംഭവങ്ങളിൽ ഒന്നായതുകൊണ്ട് ഇവിടെ അത് സ്മരിച്ചുവെന്ന് മാത്രമെയുള്ളൂ.

ആദർശപ്രബോധനത്തിൻെറ മാർഗങ്ങളിലൊന്നായി ഖുർആൻ നിർദേശിക്കുന്നത് നല്ല രീതിയിലുള്ള സംവാദങ്ങളാണ് (16:125). പ്രവാചക(സ)ൻെറ ജീവിതത്തിൽ മക്കാമുശ്‌രിക്കുകളുമായും വേദക്കാരുമായും സംവാദങ്ങൾ നടന്നതായി കാണാൻ കഴിയും. നജ്‌റാനിലെ ക്രൈസ്തവ പുരോഹിതന്മാരുമായി നടന്ന സംവാദം സുവിദിതമാണ്. വേദക്കാരുമായി സംവദിക്കേണ്ടതെങ്ങനെയെന്ന് ഖുർആൻതന്നെ കൃത്യമായി നമ്മെ പഠിപ്പിക്കുന്നുണ്ട് (3:64). രണ്ട് കൂട്ടരും അംഗീകരിക്കുന്ന ഒരേ തത്വത്തിലേക്ക് വരാൻ ആഹ്വാനം ചെയ്തതുകൊണ്ടാണ് സംവാദമാരംഭിക്കേണ്ടതെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. ഇതിൽനിന്ന് മതസമന്വയമാണ് ഖുർആൻ അനുശാസിക്കുന്നതെന്ന് ചിലർ നിർധാരണം ചെയ്തെടുക്കാറുണ്ട്. ഏക ദൈവത്തെയല്ലാതെ ആരാധിക്കുവാൻ പാടില്ലായെന്ന പൊതുവായി അംഗീകരിക്കുന്ന തത്വത്തിലേക്ക് വരാനാണ് ഖുർആനിൻെറ ഒന്നാമത്തെ ക്ഷണമെന്ന വസ്തുത ഇത്തരം നിർധാരകന്മാർ വിസ്മരിക്കുകയാണ് പതിവ്. സകല പ്രവാചകന്മാരും പഠിപ്പിച്ച ഇസ്‌ലാമിലേക്ക് പ്രസ്തുത പ്രവാചകന്മാരുടെ അനുയായികളും അവരിലൂടെ അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥത്തിൻെറ വക്താക്കളുമെന്ന് സ്വയം അവകാശപ്പെടുന്നവരെ ക്ഷണിക്കുവാനാണ് ഈ സൂക്തത്തിലൂടെ ഖുർആൻ ആഹ്വാനം ചെയ്യുന്നതെന്നുള്ളതാണ് വാസ്തവം. വേദഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തപ്പെട്ടവയാണെങ്കിലും അവയുടെ വക്താക്കളെന്ന് അവകാശപ്പെടുന്നവരുടെ ജീവിതത്തിൽനിന്ന് അന്യം നിന്നുപോയ ശുദ്ധമായ ഏകദൈവാരാധനയിലേക്കുള്ള ക്ഷണത്തിന് പ്രേരിപ്പിക്കുന്ന ഖുർആൻ സൂക്തത്തെ മതസമന്വയത്തിനുള്ള ചൂണ്ടുപലകയായി അവതരിപ്പിക്കുന്നത് എന്തുമാത്രം വലിയ പാതകമല്ല!

വ്യത്യസ്ത മതവിശ്വാസികൾ തമ്മിൽ സൗഹൃദപൂർണമായ സഹവർത്തിത്തമാണുണ്ടാവേണ്ടതെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. ഇന്ത്യയെപ്പോലുള്ള ബഹുമത-മതനിരപേക്ഷ സാമൂഹ്യ സംവിധാനത്തിൽ ഇത്തരം സഹവർത്തിത്തം ഏറെ പ്രധാനവും രാഷ്ട്രപുരോഗതിക്ക് അനിവാര്യവുമാണെന്ന കാര്യത്തിലും രണ്ട് അഭിപ്രായമുണ്ടാകാനിടയില്ല. എന്നാൽ മതസമന്വയത്തിലൂടെയാണ് മതസൗഹാർദമുണ്ടാവേണ്ടത് എന്ന വാദം നിരർത്ഥകമാണ്. മതസമന്വയം ഒരു ഉട്ടോപ്യൻ ആശയമാണ്. ഒരിക്കലും നിലവിൽവരാത്ത ആശയം. അങ്ങനെയുണ്ടാക്കുവാനുള്ള പരിശ്രമങ്ങളെല്ലാം പരാജയപ്പെട്ടതായാണ് ചരിത്രം. ഒറ്റയെയും ഇരട്ടയെയും സമന്വയിപ്പിക്കാൻ ശ്രമിച്ചാൽ വിചിത്രവും ഭീകരവുമായ 'ഒരട്ട' ഉണ്ടാവുകയാവും ഫലം.

മതവിശ്വാസികൾ പരസ്പരം അറിയുകയും ആശയങ്ങൾ കൈമാറുകയും ചെയ്യുകവഴിയാണ് യഥാർത്ഥത്തിലുള്ള സൗഹൃദമുണ്ടാവുക. ഓരോരുത്തരും തങ്ങൾ വിശ്വസിച്ചാദരിക്കുന്ന ആദർശങ്ങൾ സത്യസന്ധവും മോക്ഷപ്രാപ്തിക്ക് നിമിത്തമായ മാർഗവുമാണെന്ന് ഉറച്ച് വിശ്വസിക്കുമ്പോൾതന്നെ അപരനും അയാളുടെ ആദർശത്തെ ക്കുറിച്ച് അങ്ങനെ വിശ്വസിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന് അംഗീകരിക്കുകയും ആ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യാതെതന്നെ രണ്ട് ആശയങ്ങളുടെയും സത്യതയെക്കുറിച്ച് പരസ്പരം സംവദിക്കുകയും ചെയ്യുമ്പോൾ സ്നേഹവും സൗഹൃദവും വർധിക്കുക മാത്രമെ ചെയ്യൂ. മതവിശ്വാസികൾ തങ്ങ

ളുടെ ആശയങ്ങളെ വെള്ളം കടക്കാത്ത അറകളായി സങ്കൽപിച്ച് പരസ്പരം അറിയാനുള്ള പരിശ്രമമില്ലായ്മകൊണ്ട് തെറ്റിദ്ധാരണകളും അത് മൂലമുള്ള അസഹിഷ്ണുതയും വർധിച്ചുവരുന്ന ഇക്കാലത്ത് ഇത്തരം സംവാദങ്ങൾക്ക് ഏറെ സാമൂഹ്യപ്രസക്തിയുണ്ട്.

ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം മതസംവാദങ്ങൾ ആദർശപ്രബോധനത്തിൻെറ മാർഗങ്ങളിലൊന്നാണ്. സംവദിക്കുകയെന്നാൽ പരസ്പരം പുഞ്ചിരിക്കുകയാണെന്ന് അന്ധത അതിൻെറ മൂർധന്യത്തിലെത്തിയവരല്ലാതെ മറ്റാരും പറയുകയില്ല. എങ്കിലും ഭാരതീയമായ സാഹചര്യത്തിൽ മതസംവാദങ്ങൾ നടക്കേണ്ടത് എങ്ങനെയാണെന്ന് പണ്ഡിതന്മാരും നേതാക്കളും തുറന്ന് ചർച്ച ചെയ്യണമെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. പ്രസ്തുത ചർച്ചകൾ പുതിയ മാർഗങ്ങൾ തുറന്ന് തരുന്നതിനും വഴിത്തിരിവുകളുണ്ടാകുന്നതിനും നിമിത്തമായേക്കാം. അത്തരമൊരു ചർച്ചയാണ് ഈ ലക്കംമുതൽ ആരംഭിക്കുന്നത്. ചർച്ചയിൽ സൃഷ്ടിപരമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തി ഇതിനെ മൂല്യവത്തും അർത്ഥവത്തുമാക്കണമെന്ന് എല്ലാ വായനക്കാരോടും അഭ്യർത്ഥിക്കുകയാണ്.